"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീമതി.ജയറാണി.സി-യ്ക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.785/2026/LSGD തിരുവനന്തപുരം, തീയതി:17-03-2026

---

പരാമർശം:-

1. 06.01.1966-ലെ 98079/SD3/65/PD നം.മെമ്മോറാണ്ടം.
2. 14.06.1994-ലെ 36/1994/Fin. നം.സർക്കുലർ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.09.2024 & 10.08.2025-ലെ LSGD/PD/10793/2024-DEA1 നമ്പർ കത്തുകൾ

**ഉത്തരവ്**

എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീമതി.ജയറാണി.സി, 01.11.2023 മുതൽ 31.01.2024 വരെ വ്യക്തിപരമായ ആവശ്യത്തിലേക്കും, തുടർന്ന് 01.02.2024 മുതൽ 14.08.2024 വരെയും, 15.08.2024 മുതൽ 30.09.2024 വരെയും , 01.10.2024 മുതൽ 31.10.2024 വരെയും, 01.11.2024 മുതൽ 31.12.2024 വരെയുമുള്ള കാലയളവുകളിൽ ഘട്ടംഘട്ടമായി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിലും ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(2)-ലെ വ്യവസ്ഥകൾ പ്രകാരം "വ്യക്തിപരം" തുടങ്ങിയ അവ്യക്തമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതനാവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതും , മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധി അപേക്ഷകൾ രണ്ടാം വൈദ്യപരിശോധനയ്ക്ക് അവസരം നഷ്ടമാകാത്തവിധം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പരാമർശം (1) പ്രകാരം, അവധി അപേക്ഷകൾ "piecemeal" ആയി സർക്കാരിൽ സമർപ്പിക്കാൻ പാടുള്ളതുമല്ല. ശ്രീമതി.ജയറാണി.സി, ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുന്നതിൽ മേൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ ടിയാൾക്ക് 01.11.2023 മുതൽ 31.12.2024 വരെയുള്ള കാലയളവ് , ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ

സേവനാനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
ശ്രീമതി. ജയറാണി.സി, മുൻ അസിസ്റ്റന്റ് ഡയറക്ടർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 17-03-2026 12:49:22
സെക്ഷൻ ഓഫീസർ